**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1354** **07-10-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ ഇത്തവണ പത്താം ക്ലാസ് പരീക്ഷ പാസ്സായ കുട്ടികൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 19,287 |
| (ബി) | പ്രസ്തുത കുട്ടികളിൽ എത്രപേർ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | 17,431 |
| (സി) | ജില്ലയിൽ പ്ലസ് വണ്ണിന് എത്ര സീറ്റുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | 16,494 |
| (ഡി) | മുഴുവൻ എ പ്ലസ് നേടിയ കുട്ടിക്ക് അപേക്ഷിച്ച സ്കൂളുകളിൽ സീറ്റ് ലഭിക്കുന്നില്ലെന്നും കിലോമീറ്ററുകൾ ദൂരെയുള്ള സ്ഥലങ്ങളിലാണ് പ്രവേശനം ലഭിക്കുന്നതെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ പ്രസ്തുത പ്രശ്നത്തിന്റെ കാരണം അറിയിക്കാമോ; പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ആരോഗ്യപരമായ കാരണങ്ങളാലും മറ്റും ദൂരയാത്ര ദുസ്സഹമായ കുട്ടികൾക്ക് അവർ ആവശ്യപ്പെടുന്ന സ്കൂളുകളിലേക്ക് മാറ്റം നൽകുമോ; വ്യക്തമാക്കാമോ? | (എഫ്) | സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും, സുതാര്യവും, സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പതിമൂന്ന് വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നതിനാൽ ഏതെങ്കിലും സ്കൂളിലോ കോഴ്സിലോ പ്ലസ് വൺ-നു പ്രവേശനം വേണമെന്ന പ്രത്യേക അപേക്ഷകൾ പരിഗണിക്കുവാൻ കഴിയില്ലെങ്കിലും അർഹരായ വിദ്യാർത്ഥികൾക്ക് ഏകജാലക പ്രവേശനത്തിലൂടെ മെറിറ്റടിസ്ഥാനത്തിൽ അവർ ആഗ്രഹിക്കുന്ന സ്കൂളുകളിൽ പ്രവേശനം നൽകാൻ ശ്രമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ